**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 295** **01-02-2023 - ൽ മറുപടിയ്ക്ക്**

**റേഷൻകടകളുടെ പ്രവർത്തന സമയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ കടകളുടെ പ്രവർത്തന സമയം നിരന്തരം മാറ്റുന്നത് ഉപഭോക്താക്കളെ ബുദ്ധിമുട്ടിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റേഷൻ കടകളുടെ പ്രവർത്തന സമയം മാറ്റുന്നത് സംബന്ധിച്ച് പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ മുഖേന ഉപഭോക്താക്കളെ യഥാസമയം അറിയിക്കുന്നുണ്ട്. ജനങ്ങൾക്ക് ഏതു സമയവും ബന്ധപ്പെടുന്നതിന് ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ റേഷൻ കാർഡിലും റേഷൻ കടയിലും സിവിൽ സപ്ലൈസിന്റെ ഔദ്യോഗിക വെബ്.സൈറ്റിലും നൽകിയിട്ടുണ്ട്. വിതരണ സമയം മാറ്റിയത് കൊണ്ട് റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്ന പരാതി നാളിതുവരെയും കാർഡുടമകളിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ബി) | രാവിലെ മുതൽ വൈകുന്നേരം വരെ പ്രവർത്തിച്ചിരുന്ന റേഷൻ കടകൾ പകുതി സമയമാക്കിയത് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ക്ലോസ് (എ)യുടെ മറുപടി കണ്ടാലും |
| (സി) | റേഷൻ കടകളിൽ ഇപ്രകാരം സമയമാറ്റത്തിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (സി) | റേഷൻ വിതരണം തടസം കൂടാതെ നടത്തുന്നതിന് Aadhaar Authentication സാധ്യമാകുന്നതിനായി PDS സെർവർ കൂടാതെ രാജ്യത്തിന്റെ പലഭാഗത്തായി സ്ഥിതി ചെയ്യുന്ന മറ്റ് 3 സെർവറുകൾ കൂടി ഒരേ സമയത്ത് കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയിൽ (AUA) നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA)യിലേക്കുള്ള നെറ്റ്.വർക്ക് ട്രാഫിക്ക് അധികമായി കാണപ്പെടുകയും അതുമൂലം ബയോമെട്രിക് ഓതന്റിക്കേഷൻ നടക്കാതെ വരികയും ചെയ്ത സാഹചര്യത്തിലുണ്ടായ തിരക്ക് നിയന്ത്രിക്കുന്നതിനാണ് റേഷൻ വിതരണത്തിലെ സമയക്രമത്തിൽ മാറ്റം വരുത്തിയത്. |
| (ഡി) | ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ | (ഡി) | സാങ്കേതിക തടസങ്ങൾ നീക്കം ചെയ്യുന്നതിനുള്ള |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | നടപടികൾ സ്വീകരിക്കുന്നതിന് NIC ടീം, IT മിഷൻ, UIDAI എന്നിവർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA)സെർവറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് എറർ കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC യുടെ(AUA)സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് രണ്ട് ഓതന്റിക്കേഷൻ യൂസർ ഐഡി നിലവിൽ വരികയും ബയോമെട്രിക് ഓതന്റിക്കേഷൻ സുഗമമാകുകയും തുടർന്ന് റേഷൻ വിതരണം തടസം കൂടാതെ നടത്തുന്നതിന് സാധിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ